(ഡി) 36 പേർ ജോലി ചെയ്തുവരുന്നു.

(ഇ) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലുള്ള പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും അവരുടെ പരിധിയിലുള്ള മറ്റ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുമുള്ള ലിസ്റ്റിൽ നിന്നുമാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

(എഫ്) ഇല്ല.

(ജി) ബാധകമല്ല.

സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ പുനഃസംഘടന

31 (2283) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിൽ ഓഡിറ്റ് വിഭാഗം പുനഃസംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സഹകരണ വകുപ്പിലെ ഓഡിറ്റ് വിഭാഗം പുനഃസംഘടിപ്പിച്ചതു മൂലമുണ്ടായിട്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സഹകരണ വകുപ്പിൽ ഓഡിറ്റ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി 27-5-2008-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നമ്പർ 126/2008/സഹ നമ്പർ ഉത്തരവിലൂടെ സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. സഹകരണ സംഘങ്ങളുടെ ആഡിറ്റ് കാര്യക്ഷമമാക്കുന്നതിനും ആഡിറ്റ് കുടിശ്ശിക കുറച്ചു കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. എങ്കിലും ആഡിറ്റ് സമകാലീനമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതുമൂലം ആഡിറ്റ് കാര്യക്ഷമവും സമകാലീനവുമാക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പിൽ നിന്ന് ആഡിറ്റ് വിഭാഗം വേർപെടുത്തി പ്രത്യേക ആഡിറ്റ് വിഭാഗം രൂപീകരിച്ചു കൊണ്ട് സഉ. (എംഎസ്.) നമ്പർ 24/11/സഹ തീയതി 16-2-2011 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരിയാരം മെഡിക്കൽ കോളേജിൽ വിവിധ തസ്തികകളിലെ നിയമനങ്ങൾ

32(2284) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 5 വർഷക്കാലം പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ വിവിധ തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തിയെന്നും, ഏതൊക്കെ തസ്തികകളിൽ ആരൊക്കെയാണ് നിയമിക്കപ്പെട്ടത് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമനങ്ങളുടെ രീതിയും, മാനദണ്ഡവും, വ്യവസ്ഥകളും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കോളേജിന്റെ ഇക്കഴിഞ്ഞ ഭരണസമിതിയുടെ കാലയളവിൽ കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക എത്രയാണ് ;

(ഡി) കഴിഞ്ഞ 5 വർഷം പ്രസ്തുത കോളേജ് പലിശയിനത്തിൽ എന്തു തുക തിരിച്ചടച്ചിട്ടുണ്ടെന്നും വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ ഇനി എന്തു തുക തിരിച്ചടക്കാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യക്തമാക്കാം. പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ കഴിഞ്ഞ 5 വർഷക്കാലം വിവിധ തസ്തികകളിൽ 135 നിയമങ്ങൾ നടത്തിയിട്ടുണ്ട്. നിയമനം ലഭിച്ചവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യക്തമാക്കാം. യോഗ്യത നിശ്ചയിച്ച് പത്രം മുഖേന പരസ്യം നൽകി അപേക്ഷ സ്വീകരിച്ച് അഭിമുഖം നടത്തിയാണ് പ്രസ്തുത നിയമനങ്ങൾ കോളേജിൽ നടത്തിയിട്ടുള്ളത്.

(സി) ഇക്കഴിഞ്ഞ ഭരണസമിതിയുടെ കാലയളവിൽ കേസ് നടത്തുന്നതിന് വേണ്ടി 2,64,750 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പരിയാരം മെഡിക്കൽ കോളേജ് പലിശയിനത്തിൽ തുകയൊന്നും തിരിച്ചടയ്ക്കേണ്ടതില്ല. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കോളേജ് വായ്പയൊന്നും എടുക്കാത്തതിനാൽ തുകയൊന്നും തിരിച്ചടക്കാനില്ല.

ജില്ലാസഹകരണ ബാങ്കുളിൽ പി.എസ്.സി. നിയമനം മുഖേന നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തിയത് സംബന്ധിച്ച പരാതി

33(2285) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ഏതെല്ലാം തസ്തികകളിലെ നിയമനങ്ങളാണ് പി.എസ്.സി.-ക്ക് വിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ തസ്തികകളിലെ എത്ര ശതമാനം ഒഴിവുകളാണ് പ്രൊമോഷൻ മുഖേന നികത്തേണ്ടത് ;

(സി) പി.എസ്.സി. നിയമനം മുഖേന നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തിയത് സംബന്ധിച്ച പരാതികളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ; അതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) നിശ്ചിത റേഷ്യോ ലംഘിച്ച് നടത്തിയതായി പറയപ്പെടുന്ന നിയമനങ്ങളെക്കുറിച്ച് പരിശോധിക്കാനും നിയമവിരുദ്ധമായവ റദ്ദാക്കാനും നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly